പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1621 | 13.06.2014 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി ക്ഷേമനിധി പദ്ധതി** | |
| ചോദ്യം | ഉത്തരം |
| ശ്രീമതി ഗീതാ ഗോപി | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) അംഗൻവാടി ക്ഷേമനിധി പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; | (ബി) ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ നൽകുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നുണ്ട്. |
| (സി) ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങുവാൻ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (സി) ക്ഷേമനിധിയിൽ നിന്നുളള ആനുകൂല്യങ്ങൾ നിലവിൽ കാലതാമസം കൂടാതെ നൽകി വരുന്നു. |
| (ഡി) ക്ഷേമനിധിയിൽ ഇതുവരെ എന്തെല്ലാം ആനുകൂല്യങ്ങൾ എത്ര പേർക്ക് വിതരണം ചെയ്തുവെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ ; | (ഡി) ആനുകൂല്യം വിതരണം ചെയ്തതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>പെൻഷൻ -4998 പേർക്ക്<br>മരണാനന്തരാനുകൂല്യം- 572 പേർക്ക്<br>ചികിത്സാ ധനസഹായം- 93 പേർക്ക്<br>വിവാഹധനസഹായം- 45 പേർക്ക്<br>ഹൗസ് ലോൺ- 9 പേർക്ക്<br>മെരിറ്റ് സ്കോളർഷിപ്പ്- 80 പേർക്ക്<br><br>ക്ഷേമനിധി വിഹിതം തിരികെ നൽകൽ<br>പെൻഷൻകാർ - 4998 പേർക്ക്<br>രാജിവച്ചവർ - 457 പേർക്ക് |
| (ഇ) ക്ഷേമനിധി ഭരണസമിതി ഇതിനകം എത്ര യോഗങ്ങൾ ചേർന്നുവെന്ന് വ്യക്തമാക്കുമോ ? | (ഇ) 7.3.2013 ലെ ജി.ഒ(എം.എസ്) 94/13/സാനീവ പ്രകാരം രൂപീകരിച്ച ക്ഷേമനിധി ബോർഡ് ഇതുവരെ 9 യോഗങ്ങൾ കൂടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ